# ബസ്സ്റ്റാന്റിൽ കുട്ടികൾ വില്പനക്ക്

അഡ്വ.ചന്ദ്രശേഖർ നാരായണൻ

"എന്റെ പുള്ള എന്റെ മാപ്പ്ള മേടിച്ച് തരണതാ. അങ്ങോര് പണിക്കൊന്നും പോവില്ല. ഏജന്റാ. ഞങ്ങളെ പോലെ ഇങ്ങനെ ബസില് എരക്കുന്നവർക്ക് കുട്ട്യോളേം കാർഡുകളൊക്കെ എത്തിച്ചരണത് മച്ചാനാ. ഇങ്ങനെ ശരിയാക്കിത്തരണതിന് ഓരോരുത്തരും ദെവസം അമ്പതും അറുപതും വെച്ച് മച്ചാന് കൊടുക്കണം. കാശ് കൊറഞ്ഞാ തെറിവിളീം തല്ലും കൊള്ളണം. ചെലപ്പോ കത്തികാട്ടി ഭീഷണിപ്പെടുത്തി കാശ് മുഴോനും തട്ടിപ്പറിക്കും."

ഇത് ജയന്തി, വയസ്സ് നാൽപ്പതിനടുത്ത്. പഴനിക്കടുത്ത് ഗുണ്ടൽപേട്ട് ആണ് സ്വദേശം. നന്നേചെറുപ്പത്തിൽ ചെരിപ്പുകുത്തിയായ അപ്പനോടൊപ്പം കേരളത്തിലെത്തിയതാണ് ഇവിടെയെത്തിയിട്ട് പന്ത്രണ്ട് വർഷത്തോളമായി.

തൃശ്ശൂർ ശക്തൻ തമ്പുരാൻ സ്റ്റാന്റിന്റെ ഇരുണ്ട മൂലയിലിരുന്ന് ജയന്തി തുടരുന്നു. "അമ്മയെ കണ്ട ഓർമ്മയില്ല. ഒരണ്ണനുണ്ടായിരുന്നത് എവിട്യാന്നറിയില്ല. അപ്പനിപ്പോ പണികളഞ്ഞ് തെണ്ടാൻ നടക്വാ ഞാൻ രണ്ട് കെട്ടി. ആദ്യത്തോൻ വസൂരിവന്ന് ചത്തപ്പോ അവന്റെ അണ്ണന്റെ കൂടെ തുടങ്ങി, അവനക്ക് വേറ്യേണ്ട് കെട്ട്യോള്മാര് ആദ്യത്തേല് ഒരു ചെക്കനുണ്ടാറ്ന്ന. അവനിപ്പോ ജയിലിലോ.



പിന്നെ ഈ കുട്ട്യോളൊക്കെ ഇങ്ങനെ അനങ്ങാതെ ഉറക്കി ചെമിലില് കെടക്ക്ണേനൊക്കെ ഒരോരോ സൂത്രോണ്ട്. പൊകല നിരൊക്കെ ..... അങ്ങനെ ഒരുപാടുണ്ട്... മുഴുവൻ പറയൂല്ലാ" നിർവികാരയായി ജയന്തി പറയുന്നു.

"കുട്ടികളെ മോഷ്ടിച്ച് കൊണ്ടരാറുണ്ടെന്നൊന്നും എനിക്കറിയില്ല. ഈ ഇവള്മാര്ടെ കയ്യിലെ കുട്ടികളൊക്കെ തന്നെ ഇങ്ങനെ ഏജന്റമാര് കൊടുക്കുന്നതല്ലാട്ടോ. ചെലോര്ടെ അവര്ടെ തന്ന്യാ. അവർക്ക് കാർഡ് മാത്രം കൊടുത്താമതി. പിന്നെ ഈ ചോരകുഞ്ഞുങ്ങൾക്കൊരൽപ്പം കാശ് കൂടുതലാ. ഇവിടുത്തെ ചില പെണ്ണുങ്ങളും അവർക്ക് പെറ്റതിനെ ഇങ്ങനെ കൊടുക്കാറുണ്ട്. അവർക്ക് കാശിനല്ല. പകല് കുട്ടീണ്ടങ്ങെ അവര്ടെ ബിസിനസ്സ് നടക്കുല്ലാ അതോണ്ടാ".

ഇത് തൃശ്ശൂർ ശക്തൻതമ്പുരാൻ ബസ്സ്റ്റാന്റിലെ ഒരു ജയന്തിയു

ശേഷം 5-ാം പേജിൽ

# കുട്ടികൾ വില്പനക്ക്

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ടെ മാത്രം കഥ. ഇതുപോലെ എത്ര എത്ര ജയന്തിമാർ ഓരോ ബസ്സ്റ്റാന്റിലും വാടിത്തളർന്ന ചോരകഞ്ഞുങ്ങളേയുമെടുത്ത്, ആരോ അടിച്ച കൊടുത്ത കാർഡുകളുമായി നമ്മുടെ മുമ്പിൽ പൈസ തുണ്ടുകളും മേടിച്ച് പടിയിറങ്ങി പോകുന്നു. അവർ നമ്മുടെ മടിയിലേക്കിട്ടുതരുന്നത് ഒരേ കാർഡുകൾ തന്നെയാണ്. ഒരിറ്റുമുലപ്പാലിനായി വരണ്ടചുണ്ടുകളോടെ നമ്മളെ ഉറ്റുനോക്കുന്നത് ഒരു എന്നു മറ്റേറ്റുടെ കണക്കിലും പെടാത്ത മറ്റാരോ നൊന്തു പ്രസവിച്ച ഗതി കിട്ടാ ജന്മങ്ങളാണ്.

കേരളത്തിന്റെ ഓരോരോ ബസ്സ്റ്റാന്റിലും കേന്ദ്രീകരിച്ച് ഇന്ന് തഴച്ച വളർന്നുകൊണ്ടിരിക്കുന്ന ഒരു മൈക്രോ ബിസിനസ്സിന്റെ നേർ ചിത്രമാണിത്. ഇതുപോലെ തന്നെ ചോരകഞ്ഞുങ്ങളെ മോഷ്ടിച്ചുകൊണ്ടുവന്ന് അംഗവൈകല്യം വരുത്തി, നടവഴികളിൽ കീറത്തുണി വിരിച്ച് കിടത്തി കേരളീയന്റെ ആർദ്രമനസ്സിനെ ചൂഷണം ചെയ്ത് ഇത്തിക്കണ്ണിപോലെ തഴച്ച വളരുന്ന മറ്റൊരു കൂട്ടരും ഇന്ന് സാധാരണമായിരിക്കുന്നു. ഇതിനായി തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ് കൂടുതൽ കുട്ടികളേയും കൊണ്ടുവരുന്നത്. യൂനിസെഫ് ഈയടുത്ത് നടത്തിയ ഒരു പഠനത്തിൽ പറയുന്നത് കുട്ടികളെ ഭിക്ഷാടനത്തിനായി ദുരുപയോഗം ചെയ്യുന്ന സ്ഥലങ്ങളിൽ കേരളം മുൻപന്തിയിലാണെന്നാണ്. കൂടാതെ ബസ്സ്റ്റാന്റുകൾ മറപിടിച്ച് പച്ചപിടിച്ചിരിക്കുന്ന നമ്മുടെ മലയാളി കടിലകളുടെ അടിവയറ്റിൽ ഉറഞ്ഞുകൂടുന്നതിനെ പുറം തള്ളുന്നതും ഏറ്റെടുത്ത് ബിസിനസ്സ് പോഷിപ്പിക്കുന്നതും മുകളിൽ പറഞ്ഞവരാണ്.

ആദ്യം ബസ്സ്റ്റാന്റുകളിലെ ഭിക്ഷക്കാരുടെ തോളിൽ തൂങ്ങുന്നവരായി എത്തുന്ന ഈ കുഞ്ഞുങ്ങൾ നടക്കാറായാൽ സ്വയം പാത്രമെടുത്ത് മറ്റാർക്കോവേണ്ടി ഇരക്കാനിറങ്ങുകയായി.

ഇന്ന് 'ഭിക്ഷാടനം' എന്ന കൊടുക്കൽ വാങ്ങലിന്റെ ആധുനികമായ സാധ്യതകളാരായുകയാണ് പുതിയ ഏജന്റുമാർ. അതിന് ഇരകളായിത്തീരുന്നതോ മുലകുടി പ്രായം മാറാത്ത ചോരക്കുഞ്ഞുങ്ങളും.

## നിയമപരമായ പരിരക്ഷകൾ

"കുട്ടികളെ കൊണ്ട് തൊഴിൽ എടുപ്പിക്കുന്നതും, കുട്ടികളെ വഴിവിട്ട രീതിയിൽ ഉപയോഗിച്ച് പണമുണ്ടാക്കുന്നതും ഇന്ത്യ അഭിമുഖീകരിക്കുന്ന വൻ പ്രശ്നങ്ങളിൽ ഒന്നാ". ഈയ്യടുത്ത് സുപ്രീകോടതി പറയുകയുണ്ടായി. 'സ്വാതന്ത്ര്യം കിട്ടി അരനൂറ്റാണ്ട് കഴിഞ്ഞിട്ടും നിരവധി നിയമനിർമ്മാണങ്ങൾ ഉണ്ടാക്കിയിട്ടും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഐക്യരാഷ്ട്ര സഭാ ജനറൽ അസംബ്ലി 1989 നവംബർ 20ന് അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി പ്രഖ്യാപനം ഉൾകൊണ്ട് ഭാരതസർക്കാർ 2000 ഡിസംബർ 30ന് പ്രാബല്യത്തിൽ കൊണ്ടു വന്ന 'ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000, സെക്ഷൻ 26 (1) (2) പ്രകാരം കുട്ടികളെ കൊണ്ട് ഭിക്ഷാടനം ചെയ്യിക്കുന്നതും അവരെ ഭിക്ഷാടനത്തിന് ദുരുപയോഗിക്കുന്നതും മൂന്നു വർഷം വരെ ജയിൽ ശിക്ഷകിട്ടാവുന്നതും ഒപ്പം പിഴയടക്കാവുന്നതുമാണ്. അതുകൊണ്ട് ബന്ധപ്പെട്ട അധികാരികൾ ഇന്ത്യൻ ഭരണഘടന നൽകുന്ന അർട്ടിക്കിൾ 21 പ്രകാരമുള്ള ജീവിക്കാനുള്ള മൗലികാവകാശം ഉറപ്പുവരുത്തുന്നതിനായി ബസ്സ്റ്റാന്റുകളിലെ ഇത്തരം കാടത്തരങ്ങൾക്കെതിരെ നിയമപരമായ നടപടികൾ കൈകൊള്ളേണ്ടതുണ്ട്. ഇതിന് ഇനിയും വൈകിയാൽ നാം ഒരു പരിഷ്കൃത സമൂഹത്തിലാണ് ജീവിക്കുന്നതെന്ന് പറയാനൊക്കുമോ?